**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **01-09-2022 - ൽ മറുപടിയ്ക്ക്**

**വിമുക്തഭടന്മാരുടെ നിയമനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ . മഞ്ഞളാംകുഴി അലി</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ വിമുക്തഭടന്മാർക്ക് മാത്രമായി ഏതെല്ലാം വകുപ്പുകളിൽ എത്ര വീതം തസ്തികകൾ നീക്കി വച്ചിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>സൈനിക ക്ഷേമ ഡയറക്ടറേറ്റിലേയും സബ് ഓഫീസുകളിലേയും എല്ലാ തസ്തികകളും വിമുക്തഭടന്മാർക്ക് മാത്രമായി നീക്കിവെച്ചിട്ടുണ്ട്. ഇപ്രകാരമുള്ള മൊത്തം തസ്തികകളുടെ എണ്ണം 177 ആണ്.</td></tr>
<tr><td>(ബി)</td><td>അപ്രകാരം നീക്കി വച്ചിട്ടുള്ള തസ്തികകളിൽ 2016 മുതൽ 2022 ജൂൺ 30 വരെ ഏതൊക്കെ തസ്തികകളിൽ എത്ര വിമുക്തഭടന്മാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>2016 മുതൽ 2022 ജൂൺ വരെ സൈനിക ക്ഷേമ വകുപ്പിൽ 75 വിമുക്തഭടന്മാർക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ജില്ലാ ഓഫീസർ – 3<br>അസിസ്റ്റന്റ് ജില്ലാ ഓഫീസർ – 1<br>വെൽഫയർ ഓർഗനൈസർ – 6<br>ക്ലാർക്ക് – 42<br>ക്ലാർക്ക് -ടൈപ്പിസ്റ്റ് – 5<br>എൽ.ഡി.ടൈപ്പിസ്റ്റ് – 2<br>ഡ്രൈവർ – 1<br>ഓഫീസ് അറ്റൻഡന്റ് – 14<br>നൈറ്റ് വാച്ച്മാൻ – 1<br>ആകെ – 75</td></tr>
<tr><td>(സി)</td><td>വിവിധ സർക്കാർ വകുപ്പുകളിൽ നിയമനവുമായി ബന്ധപ്പെട്ട് വിമുക്ത ഭടന്മാർക്ക് ഏതെല്ലാം തരത്തിലുള്ള മുൻഗണനയും പ്രത്യേക പരിഗണനയും നൽകി വരുന്നുണ്ട്; വ്യക്തമാക്കുമോ?</td><td>(സി)</td><td>വിവിധ സർക്കാർ വകുപ്പുകളിൽ നിയമനവുമായി ബന്ധപ്പെട്ട് വിമുക്തഭടന്മാർക്ക് നൽകിവരുന്ന മുൻഗണനയും പ്രത്യേക പരിഗണനയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(i) വിവിധ വകുപ്പുകളിലേയ്ക്കുള്ള നിയമനത്തിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള വിമുക്തഭടന്മാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 50 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുകയും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന വിമുക്തഭടന്മാർക്ക് സേനകളിലെ</td></tr>
</table>

| | | | |
|---|---|---|---|
| | | | സർവ്വീസ് അനുസരിച്ച് രണ്ടു വർഷത്തിന് ഒരു മാർക്ക് വീതം എന്ന നിരക്കിൽ പരമാവധി 10 മാർക്ക് വരെ വെയിറ്റേജ് ലഭിക്കുന്നു. ധീരതാ പുരസ്കാര ജേതാക്കൾക്ക് പരമാവധി 15 മാർക്ക് വരെ വെയിറ്റേജ് ലഭിക്കുന്നു. എന്നാൽ ഇപ്രകാരം ലഭിക്കുന്ന ആകെ മാർക്ക് 23 എന്ന് നിജപ്പെടുത്തിയിരിക്കുന്നു.<br><br>**(ii)** മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലെ 10% ഒഴിവുകൾ നിബന്ധനകൾക്ക് വിധേയമായി വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കുമായി സംവരണം ചെയ്തിരിക്കുന്നു.<br><br>**(iii)** പോലീസ് വകുപ്പിലെ ഡ്രൈവർ തസ്തികയിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടുന്ന തസ്തികകളിൽ 10% തസ്തികകൾ വിമുക്തഭടന്മാർക്കും അർദ്ധസേനാ വിഭാഗങ്ങളിൽ സേവനം ചെയ്തവർക്കും നിബന്ധനകൾക്ക് വിധേയമായി സംവരണം ചെയ്തിരിക്കുന്നു.<br><br>**(iv)** വിവിധ വകുപ്പുകളിലെ സർജന്റ് തസ്തികകളിൽ നേരിട്ടുള്ള നിയമനങ്ങളിലും തസ്തികമാറ്റം വഴിയുള്ള നിയമനങ്ങളിലും വിമുക്തഭടന്മാർക്ക് മുൻഗണന നൽകി വരുന്നു.<br><br>**(v)** എൻ.സി.സി വകുപ്പിലെ സിവിലിയൻ തസ്തികകൾ വിമുക്തഭടന്മാർക്കായി മാറ്റിവച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് സർക്കാർ ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും എസ്.സി /എസ്.റ്റി വിഭാഗക്കാർക്കായുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേനയും വിമുക്തഭടന്മാരല്ലാത്തവരേയും പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ